## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** — **09-06-2021 - ൽ മറുപടിയ്ക്ക്**

## അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി ഒ എസ് അംബിക | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിലവിലുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു. 1) ഭൂമിവാങ്ങൽ ധനസഹായം- ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും കോർപ്പറേഷൻ/മുൻസിപ്പൽ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിനായി ഗ്രാമ/മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് യഥാക്രമം 3,75,000/- 4,50,000/- 6,00,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. 2) ഭവന പദ്ധതി - സ്വന്തമായി വീടില്ലാത്ത പട്ടികജാതിക്കാർക്ക് ലൈഫ് മിഷൻ മുഖാന്തിരം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ വകുപ്പുകളിൽ നിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ട് നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് 2020-21 സാമ്പത്തിക വർഷം ഭവന പൂർത്തീകരണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം പരമാവധി 1.50 ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. 3)വിദ്യാഭ്യാസ പദ്ധതി - പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം, പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്, പോസ്റ്റ് മെട്രിക്ക്-പ്രീമെട്രിക്ക് സ്കോളർഷിപ്പ് , അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ ധനസഹായം, മെഡിക്കൽ എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം, ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം , മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകൾ, ഐ.ടി.ഐകൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, നഴ്സറി സ്കൂളുകൾ, മെഡിക്കൽ കോളേജ്, (പാലക്കാട്), പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം, സിവിൽ സർവ്വീസ് പരിശീലനം ഇതര സംസ്ഥാന പഠനം, വിദേശ പഠന ധനസഹായം, മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹ സമ്മാനം, പഠനമുറി പദ്ധതി എന്നിവയും വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികളാണ്. 4. മറ്റ് പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. (a) വിവാഹ ധനസഹായ പദ്ധതി (75000/- രൂപ) (b) മിശ്രവിവാഹ ധനസഹായ പദ്ധതി (75000/- രൂപ) (c)01.04.2017 മുതൽ ജനിച്ച പട്ടികജാതി പെൺകുട്ടികൾക്കായി എൽ.ഐ.സിയുമായി ചേർന്ന് നടപ്പാക്കുന്ന വാൽസല്യ നിധി പദ്ധതി - പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും. (d) പട്ടികജാതി അതിക്രമ നിയമ പ്രകാരമുള്ള ആശ്വാസ ധനസഹായം, (e)മാരക രോഗങ്ങൾ ബാധിച്ചവർക്കും അത്യാഹിതങ്ങളിൽപെട്ടവർക്കും പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ അനുവദിച്ചുകൊണ്ടുള്ള ആരോഗ്യ സുരക്ഷാ പദ്ധതി, (f) തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ കൂടാതെ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായുള്ള പ്രത്യേക പ്രൊജക്ടുകൾക്കായുള്ള പൂൾഡ് ഫിൽ പദ്ധതി, കോർപ്പസ് (Critical Gap Filling) പദ്ധതികൾ, തൊഴിലിനും, പരിശീലനത്തിനും മാനവവിഭവ ശേഷി വികസനത്തിനുമായുള്ള പദ്ധതികൾ, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം , പട്ടികജാതി ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതികൾ എന്നിവയും ഈ വകുപ്പ് വഴി നടത്തിവരുന്നു. |
| (ബി) | പട്ടികജാതിക്കാർ താമസിക്കുന്ന കോളനി പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാർ ഫലപ്രദമായി നടപ്പിലാക്കിയ അംബേദ്കർ ഗ്രാമം പദ്ധതി കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പട്ടികജാതി കോളനികളിൽ | (സി) | ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ ഫണ്ടിന്റെ ലഭ്യതയും കോളനികളിലെ |

| | | | |
|---|---|---|---|
| | നടത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയിലേയ്ക്ക് പുതിയ കോളനികളെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | | ബാധ്യതകൾക്കും കോളനി നിവാസികളുടെ താൽപര്യങ്ങൾക്കും വിധേയമായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 1. ഇന്റേണൽ റോഡ്/ഫുട്പാത്ത് 2. ആശയ വിനിമയ സൗകര്യം 3. കുടിവെള്ള സൗകര്യങ്ങൾ 4. ഡ്രെയിനേജ് സൗകര്യങ്ങൾ 5. വൈദ്യുതീകരണം/ വീട്ടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം 6. സോളാർ തെരുവു വിളക്ക് 7. സാനിറ്റേഷൻ 8. ഭവന പുനരുദ്ധാരണം 9. മാലിന്യ നിർമ്മാർജനം 10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ) 11. സംരക്ഷണ ഭിത്തി നിർമ്മാണം 12. ഇറിഗേഷൻ 13. അടുക്കളത്തോട്ടം 14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/നെയ്ത്ത് കരകൗശലം പുതിയ ഗ്രാമങ്ങളെ തെരഞ്ഞെടുക്കാൻ പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ